**കേരള സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2525300 , 2332120, 2338487

## വിജ്ഞാപനം

## ബിഫാം (ലാറ്ററൽ എൻട്രി) കോഴ്സുകളിലേക്കുള്ള പ്രവേശനം-2025
## രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ട്മെൻറ്
## ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ സൗകര്യം ലഭ്യമാക്കി

സംസ്ഥാനത്തെ സർക്കാർ ഫാർമസി കോളേജുകളിലും സ്വകാര്യ ഫാർമസി കോളേജുകളിലും 2025-26 വർഷത്തെ ബി ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേക്കുള്ള പ്രവേശനത്തിനായി രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ട്മെൻറ് നടപടികൾ ആരംഭിച്ചു. സാധുവായ ഓപ്ഷനുകൾ ഉള്ളവരും രണ്ടാമത്തെ അല്ലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവരും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ ഹോം പേജിൽ ലോഗിൻ ചെയ്ത് **'Option Registration'** എന്ന മെനുവിൽ **'Confirm'** ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. Online Option Confirmation-നെ തുടർന്ന് അപേക്ഷകർക്ക് ഹയർ ഓപ്ഷൻ പുന:ക്രമീകരിക്കാവുന്നതും ആവശ്യമില്ലാത്തവ റദ്ദാക്കാവുന്നതുമാണ്. അപേക്ഷകർ അവരുടെ ഹോം പേജിൽ ലഭ്യമായ **Confirm** ബട്ടണിൽ ക്ലിക്ക് ചെയ്ത് ഹയർ ഓപ്ഷനുകൾ സ്ഥിരീകരിക്കാത്ത പക്ഷം അവരുടെ ഹയർ ഓപ്ഷനുകൾ രണ്ടാംഘട്ടത്തിൽ അല്ലോട്ട്മെന്റിനായി പരിഗണിക്കില്ല. എന്നിരുന്നാലും നിലവിലുള്ള അലോട്ട്മെൻറ് (പ്രവേശനം നേടിയിട്ടുണ്ടെങ്കിൽ) നിലനിർത്തുന്നതാണ്. Online Option Confirmation നടത്തുന്നതിനും, ഹയർ ഓപ്ഷൻ പുന:ക്രമീകരിക്കുന്നതിനും, ആവശ്യമില്ലാത്തവ റദ്ദാക്കുന്നതിനും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **16.12.2025 മുതൽ 19.12.2025, 10.00 AM** വരെ സൗകര്യമുണ്ടായിരിക്കും. നിശ്ചിത സമയത്തിനുള്ളിൽ ഓൺലൈനായി ഓപ്ഷനുകൾ സ്ഥിരീകരിക്കാത്തവരെ രണ്ടാംഘട്ട അല്ലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.

**താത്കാലിക അലോട്ട്മെൻറ് ഷെഡ്യൂൾ**

| | |
|---|---|
| 16.12.2025 | ഓപ്ഷൻ സ്ഥിരീകരണത്തിനായി വെബ്സൈറ്റ് തുറക്കുന്നു |
| 19.12.2025, 10 AM | ഓപ്ഷൻ സ്ഥിരീകരണം അവസാനിക്കുന്നു |
| 19.12.2025 | താൽക്കാലിക അലോട്ട്മെൻറ് |
| 20.12.2025 | അന്തിമ അലോട്ട്മെൻറ് |
| 22.12.2025 മുതൽ 24.12.2025, വൈകിട്ട് 4 വരെ | മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) ഒടുക്കി അലോട്ട്മെൻറ് ലഭിക്കുന്ന കോളേജുകളിൽ പ്രവേശനം നേടാനുള്ള സമയം |

| | |
|---|---|
| 24.12.2025<br>വൈകിട്ട് 5 മണി | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ OAMS മുഖേന കോളേജ് അധികൃതർ അപ്ഡേറ്റ് ചെയ്യാനുള്ള സമയം |

വാർഷിക ട്യൂഷൻ ഫീസ്, മറ്റു ഫീസ്, ഡെപ്പോസിറ്റ് (ബാധകമെങ്കിൽ) എന്നിവ പ്രവേശന സമയത്ത് അലോട്ട്മെൻറ് ലഭിച്ച കോളേജുകളിൽ ഒടുക്കേണ്ടതാണ്. എസ് സി, എസ് ടി, മത്സ്യ തൊഴിലാളികളുടെ കുട്ടികൾ, ശ്രീചിത്ര ഹോം/നിർഭയ ഹോം/ജുവനൈൽ ഹോം അന്തേവാസികൾ എന്നിവരെ ഫീസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അലോട്ട്മെൻറ് ലഭിക്കുന്നവർ പ്രവേശന സമയത്ത് പ്രോസ്പെക്ടസിലെ ക്ലോസ് 4 അനുസരിച്ച് പ്രവേശനത്തിനുള്ള യോഗ്യത നേടിയിരിക്കണം. അലോട്ട്മെൻറ് ലഭിച്ചാൽ പ്രവേശനം നേടും എന്ന് ഉറപ്പുള്ള കോളേജുകൾ മാത്രമേ ഓപ്ഷനിൽ നിലനിർത്താൻ പാടുള്ളൂ.

അലോട്ട്മെൻറ് പ്രക്രിയയുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും, ബി ഫാം (ലാറ്ററൽ എൻട്രി) 2025 പ്രോസ്പെക്ടസും വെബ്സൈറ്റിൽ ലഭ്യമാണ്. തൽസമയ വിവരങ്ങൾ ലഭിക്കുന്നതിനായി അപേക്ഷകർ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റ് നിരന്തരം സന്ദർശിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 – 2525300 , 2332120, 2338487**

Signed by
Arun S Nair
Date: 16-12-2025 14:30:08
**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
16-12-2025